**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4786** **20-07-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ കോമല്ലൂർ-ഭരണിക്കാവ് പൊതുമരാമത്ത് റോഡ് സഞ്ചാരയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പുനരുദ്ധാരണത്തിന് ആവശ്യമായ തുക അനുവദിക്കുമോ; | (എ) | **ഈ റോഡിന്റെ പുനരുദ്ധാരണത്തിനായി 21.04.2022 ൽ നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 376 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത മണ്ഡലത്തിലൂടെ കടന്നുപോകുന്ന കായംകുളം- പുനലൂർ റോഡിൽ ആശാൻ കലുങ്ക് എന്ന പ്രദേശം ഏറ്റവും അപകടകരമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രദേശം അപകടരഹിതമാക്കുന്നതിന് പൊതുമരാമത്ത് നിരത്ത് വിഭാഗവും റോഡ് സേഫ്റ്റി വിഭാഗവും അനുവദിച്ച തുകയും നടപ്പിലാക്കിയ പദ്ധതികളും വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രദേശം അപകടരഹിതമാക്കുന്നതിന് വേണ്ടി 16/4/2022-ൽ നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 101.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ